**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5762**

**19/11/2019 ലെ മറുപടിയ്ക്ക്**

**ഓഡിറ്റ് കമ്മീഷൻ രൂപീകരണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | ഈ ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റിൽ ഓഡിറ്റ് കമ്മീഷൻ രൂപീകരണം പ്രഖ്യാപിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; | ബഹു: ധനകാര്യവകുപ്പുമന്ത്രി 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ ഓഡിറ്റ് കമ്മീഷന് രൂപം നൽകുമെന്ന് ബജറ്റ് പ്രസംഗം ഖണ്ഡിക 56 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. |
| ബി | ഓഡിറ്റ് കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നോ എന്ന് അറിയിക്കുമോ; | ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഓഡിറ്റ് കമ്മീഷൻ രൂപീകരണവുമായി ബന്ധപ്പെട്ട ഒരു പ്രൊപ്പോസൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി | സംസ്ഥാനത്ത് ഓഡിറ്റ് കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | ഓഡിറ്റ് കമ്മീഷന് രൂപം നൽകുന്നതിൽ തദ്ദേശസ്വയം ഭരണ വകുപ്പിന് മുഖ്യമായ പങ്കുള്ളതിനാൽ കേരളാ സ്റ്റേറ്റ് ആഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിശോധനയ്ക്കായി നൽകിയിട്ടുണ്ട്. |

Aparna

**സെക്ഷൻ ഓഫീസർ**